## ബേങ്ക് എക്കൗണ്ടിന്റെയും നികുതി റിട്ടേണുകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർബ്ബന്ധിക്കുന്നതു സ്വകാര്യതയുടെ ലംഘനം

### കേരള ഹൈക്കോടതി

W.A. No. 2112/2018 Dt. 4.9.2019

രാജു സെബാസ്റ്റ്യൻ
x
യൂണിയൻ ഓഫ് ഇന്ത്യ

പെട്രോളിയം ഉൽപന്നങ്ങളുടെ ചില്ലറ വില്പനക്കാരനാണ് ഹർജിക്കാരൻ. പെട്രോളിയം ഉൽപന്നങ്ങളുടെ നിർമ്മാതാക്കളായ കമ്പനികളുമായി കരാറിലേർപ്പെട്ടതനുസരിച്ചാണ് അവർ ഹർജിക്കാരന് പെട്രോളിയം ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നത്. കമ്പനികൾ ആവശ്യപ്പെടുന്ന രേഖകളും വിവരങ്ങളും ചില്ലറ വില്പനക്കാരൻ ലഭ്യമാക്കണമെന്ന വ്യവസ്ഥയും കരാറിലുണ്ട്. അപ്രകാരമിരിക്കെ പല ചില്ലറ വില്പനക്കാരും ബിനാമികളാണെന്ന വിവരം കമ്പനികൾക്ക് ലഭിച്ചു. ബിനാമികൾ പെട്രോളിയം ഉൽപന്നങ്ങളുടെ വില്പനക്കാരാവുന്നത് തടയുന്നതിനു വേണ്ടി ചില നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ കമ്പനികൾ പുറപ്പെടുവിച്ചു. ചില്ലറ വില്പനക്കാരന്റെ ആദായ നികുതി റിട്ടേൺ, വില്പന നികുതി റിട്ടേൺ, ബേങ്ക് എക്കൗണ്ട് വിശദാംശങ്ങൾ എന്നിവ ഹാജരാക്കണമെന്നാണ് കമ്പനികൾ ആവശ്യപ്പെട്ടത്. ഈ നിർദ്ദേശം ചില്ലറ വില്പനക്കാരന് സ്വീകാര്യമല്ലാത്തതിനാൽ ഹർജിക്കാരൻ കമ്പനിയുടെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചില്ല. ഇതിൽ കുപിതരായ കമ്പനികൾ, ആവശ്യപ്പെട്ട വിശദാംശങ്ങളും രേഖകളും ഹാജരാക്കിയില്ലെങ്കിൽ പെട്രോളിയം ഉൽപന്നങ്ങൾ വിതരണം ചെയ്യില്ലെന്ന് ഹർജിക്കാരനെ ഭീഷണിപ്പെടുത്തി. ഇതിനെതിരെ ഹർജിക്കാരൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ചില്ലറ വില്പനക്കാരും കമ്പനികളും തമ്മിലുള്ള കരാറിലെ വ്യവസ്ഥകൾ അനുസരിച്ച് കമ്പനികൾ ആവശ്യപ്പെട്ട വിശദാംശങ്ങളും രേഖകളും ഹാജരാക്കാൻ ചില്ലറ വില്പനക്കാരൻ ബാധ്യസ്ഥനാണെന്ന് വിധിച്ച സിംഗിൾ ബഞ്ച് ചില്ലറ വില്പനക്കാരന്റെ റിട്ട് ഹർജി തള്ളിക്കളഞ്ഞു. ഇതിനെതിരെ ചില്ലറ വില്പനക്കാരൻ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. സ്വകാര്യതയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളിൽ ഉൾപ്പെട്ടതാണെന്നും നികുതി റിട്ടേണുകൾ, ബേങ്ക് എക്കൗണ്ട് വിശദാംശങ്ങൾ എന്നിവ വ്യക്തിപരമായ കാര്യങ്ങളാണെന്നും അവ വെളിപ്പെടുത്താൻ നിർബ്ബന്ധിക്കുന്നത് മൗലികാവകാശ ലംഘനമാണെന്നും ചില്ലറ വില്പനക്കാരൻ വാദിച്ചു. ബിനാമി ഇടപാടുകൾ ഒഴിവാക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതെന്നും അവ വ്യക്തിപരമായ കാര്യങ്ങളല്ലെന്നും ബിസിനസ് സംബന്ധിച്ചവയാണെന്നും കരാറനുസരിച്ച് അവ വെളിപ്പെടുത്താൻ ചില്ലറ വില്പനക്കാർ ബാധ്യസ്ഥരാണെന്നും മറ്റും കമ്പനികൾ വാദിച്ചു. നികുതി റിട്ടേണുകൾ, ബേങ്ക് എക്കൗണ്ട് വിശദാംശങ്ങൾ എന്നിവ വ്യക്തിപരമായ കാര്യങ്ങളാണെന്ന് ഡിവിഷൻ ബഞ്ച് നിരീക്ഷിച്ചു. അവ വെളിപ്പെടുത്താൻ നിർബ്ബന്ധിക്കുന്നത് സ്വകാര്യതയുടെ ലംഘനമാണെന്ന് ഡിവിഷൻ ബഞ്ച് വിലയിരുത്തി. കരാറിലെ വ്യവസ്ഥ ഭരണഘടനാ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ അവ നിലനില്ക്കില്ലെന്ന് ഡിവിഷൻ ബഞ്ച് ചൂണ്ടിക്കാട്ടി. നികുതി റിട്ടേണുകൾ, ബേങ്ക് എക്കൗണ്ട് വിശദാംശങ്ങൾ എന്നിവ വെളിപ്പെടുത്താൻ ആവശ്യപ്പെടുന്നത് ഭരണഘടനാവിരുദ്ധമായതിനാൽ കമ്പനികളുടെ ബന്ധപ്പെട്ട സർക്കുലറും സിംഗിൾ ബഞ്ചിന്റെ വിധിയും റദ്ദാക്കിയ ഡിവിഷൻ ബഞ്ച് ചില്ലറ വില്പനക്കാരന്റെ അപ്പീൽ അനുവദിച്ചു.